

# ചാലക്കുടി
# സെന്റ് മേരീസ് ഫൊറോന ഇടവക

ചാലക്കുടിയിലെ ക്രൈസ്തവസമൂഹം എ.ഡി. 600-ലാണ് ആദ്യത്തെ ദേവാലയം സ്ഥാപിച്ചത്.

ഇതിനുമുമ്പ് അമ്പഴക്കാട് ദൈവാലയത്തെ ആശ്രയിച്ചായിരുന്നു വിശ്വാസികളുടെ ആത്മീയ കാര്യങ്ങൾ നടത്തിയിരുന്നത്. ഏകദേശം ഏഴുനൂറ്റാണ്ട് കാലം ആദ്യത്തെ പള്ളി നിലനിന്നു.

## പുരാതന ദേവാലയങ്ങൾ

എ.ഡി. 1300-ലാണ് രണ്ടാമത്തെ പള്ളി പാലസ് റോഡിൽ നിന്നും ഇപ്പോഴത്തെ സ്ഥാനത്തേക്ക് മാറ്റി പണിതത്. ഈ പള്ളി പണിയുന്നതിനാവശ്യമായ സ്ഥലം കരം ഒഴിവാക്കി നല്കിയത് കോടശ്ശേരി കർത്താക്കളാണ്. പ്രസ്തുത പള്ളി ഇപ്പോൾ നിലവിലുള്ള പള്ളിയുടെ തെക്കുപടിഞ്ഞാറ് ഭാഗത്തായിരുന്നു (ഇപ്പോൾ ഗ്രോട്ടോ സ്ഥിതിചെയ്യുന്ന ഭാഗം). എ.ഡി. 1650-ലാണ് ഈ പള്ളി പൊളിച്ചുനീക്കിയത്. എങ്കിലും മദ്ബഹയും മുഖവാരിയും അതേപടി നിലനിർത്തിയിരുന്നു. പള്ളി പൊളിച്ചു നീക്കിയിട്ടും 300-ൽപരം വർഷം പഴയ പള്ളിയുടെ അവശിഷ്ടങ്ങൾ കാലത്തെ അതിജീവിച്ചു നിലനില്ക്കുകയും ചെയ്തു. ബഹു. ആന്റണി ഇരിമ്പനച്ചന്റെ (1977-1979) കാലഘട്ടത്തിലായിരുന്നു മേല്പറഞ്ഞ മദ്ബഹായും മുഖവാരിയും പൊളിച്ചുനീക്കിയത്. മൂന്നാമത്തെ പള്ളി എ.ഡി. 1650-ലാണ് പണി തീർത്തത്.

## മണിമാളിക

മൂന്നാമത്തെ പള്ളിയുടെ ആകർഷണീയ ഭാഗങ്ങളായ വലിയ അൾത്താരയും മണിമാളികയും പണിതീർത്തത് 20-ാം നൂറ്റാണ്ടിന്റെ ആദ്യ മൂന്നു ദശകങ്ങളിലായിരുന്നു. 1889-ൽ ഫ്രാൻസിൽനിന്നും കൊണ്ടുവന്ന ഇപ്പോഴത്തെ പള്ളിമണി ആദ്യം ഉറപ്പിച്ചിരുന്നത് പള്ളിയുടെ തെക്കുഭാഗത്തുണ്ടായിരുന്ന മണിമാളികയിലായിരുന്നു. ഈ മണിമാളിക ജീർണ്ണിച്ചതുമൂലം 1910-ൽ പുതിയ മണിമാളിക പണിയാൻ ആരംഭിച്ച് 1914-ൽ പൂർത്തിയാക്കി. തിരുസഭയുടെ ഏഴു കൂദാശകളും അനുസ്മരിപ്പിക്കാനാണത്രെ ഏഴു നിലയിൽ ഈ മന്ദിരം പണികഴിപ്പിച്ചിട്ടുള്ളത്.

## മനോഹരമായ മദ്ബഹ

മൂന്നാമത്തെ പള്ളിയുടെ വലിയ അൾത്താര പുനരുദ്ധാരണ ശ്രമങ്ങൾ 1922 മേടം 12-ന് ആരംഭിക്കുകയും 1924 ചിങ്ങം 31-ന് പൂർത്തിയാവുകയും ചെയ്തു. അൾത്താരയുടെ വെഞ്ചിരിപ്പ് കർമ്മം നിർവ

ഹിച്ചത് തൃശ്ശൂർ രൂപതയുടെ മെത്രാൻ വാഴപ്പിള്ളി മാർ ഫ്രാൻസിസ് തിരുമേനിയാണ്. ബഹു. ഇരിമ്പൻ ഔസേപ്പ് അച്ചന്റെ കാലത്താണ് പണി പൂർത്തിയാക്കിയത്. കത്തോലിക്കാസഭയുടെ ഇന്ത്യയിലെ മേലദ്ധ്യക്ഷനായിരുന്ന മഹാമഹിമ ശ്രീ അലക്സിസ് മരിയ ലെവ്സ്യായെ 1924 നവംബർ 30-ന് അൾത്താര കാണുന്നതിനുവേണ്ടി പള്ളിയിൽ എത്തുകയുണ്ടായി എന്നത് ശില്പകലാവൈദഗ്ദ്ധ്യത്തിന്റെ മികവ് വിളിച്ചോതുന്നു. ലോകത്തിലെ ചുരുക്കം ചില ദേവാലയങ്ങളിലെ ബലിപീഠങ്ങൾക്ക് മാർപാപ്പയിൽ നിന്നും കല്പിച്ചുകിട്ടിയിട്ടുള്ള ഒരു അപൂർവ്വ അനുഗ്രഹമാണ് സ്വയംവരബലിപീഠം. ഇപ്പോൾ നിലനിർത്തിയിട്ടുള്ള വലിയ അൾത്താര സ്വയംവര ബലിപീഠമാണ്.



പഴയപള്ളിയുടെ മദ്ബഹ

## ഫൊറോന പദവി

തൃശ്ശൂർ രൂപതാമെത്രാൻ മാർ ഫ്രാൻസിസ് വാഴപ്പിള്ളിയാണ് 1937-ൽ ചാലക്കുടി പള്ളിയെ ഫൊറോനയുടെ പദവിയിലേക്ക് ഉയർത്തിയത്. ഇരിങ്ങാലക്കുട രൂപത അതിർത്തിയിലെ ആദ്യത്തെ ഫൊറോന പള്ളിയാണ് ചാലക്കുടി.



മണിമാളിക



സെന്റ് സെബാസ്റ്റ്യൻസ് കപ്പേള, പുത്തുപറമ്പ്



പുരാതന ദേവാലയം

## വേർപിരിഞ്ഞുപോയ പള്ളികൾ

ഇവിടെനിന്ന് കാലക്രമത്തിൽ വേർപിരിഞ്ഞുപോയ പള്ളികളാണ് പരിയാരം, പേരാമ്പ്ര, ആളൂർ, പോട്ട, എലിഞ്ഞിപ്ര, വെള്ളാഞ്ചിറ, പടി. ചാലക്കുടി, തുരുത്തിപ്പറമ്പ്, നോർത്ത് ചാലക്കുടി, തച്ചുടപ്പറമ്പ്, കൂടപ്പുഴ, കോട്ടാറ്റ് എന്നിവ.

## ഇപ്പോഴുള്ള പുതിയ ദേവാലയം

പോർച്ചുഗീസ് ചിത്രകലയുടെയും, ശില്പകലയുടെയും മകുടോദാഹരണമായ മദ്ബഹ പൂർണ്ണമായും നിലനിർത്തിക്കൊണ്ട്, ബഹു. കാവുങ്കൽ ജോസച്ചന്റെ നേതൃത്വത്തിൽ പുതുക്കിപ്പണിയാൻ തീരുമാനിക്കുകയും 1985 സെപ്തംബർ 8-ന് ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ തിരുമേനി ഇപ്പോൾ നിലവിലുള്ള ദേവാലയത്തിന് തറക്കല്ലിടുകയും ചെയ്തു. 1987 ആഗസ്റ്റ് 10-ന് പൗരസ്ത്യ തിരുസ്സംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ സൈമൺ ഡി. ലൂർദ്ദ് സ്വാമി നവീന ദേവാലയം ആശീർവദിക്കുകയും ആ മരിയൻ വർഷത്തിൽത്തന്നെ ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളിയെ മരിയൻ തീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തു. ബഹു. പറോക്കാരൻ ആന്റണിയച്ചന്റെ നേതൃത്വത്തിൽ പുതിയ പള്ളിയുടെ മനോഹരമായ മുഖവാരിയുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

## പാരിഷ്ഹാൾ

1989 ഡിസംബർ 31-ന് വെരി. റവ. ഫാ. ആന്റണി പറോക്കാരന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങളുടെ ചിരകാല അഭിലാഷമായ പാരിഷ് ഹാളിന്റെ ശിലാസ്ഥാപനകർമ്മം നടത്തപ്പെട്ടു. ബഹു. പാറേക്കാടൻ തോമസച്ചന്റെ കാലത്ത് പാരിഷ് ഹാൾ നിർമ്മാണം പൂർത്തിയാക്കി.

## ഷോപ്പിംഗ് കോംപ്ലക്സ്

സെന്റ് മേരീസ് ഷോപ്പിംഗ്കോംപ്ലക്സ്, കമ്പ്യൂട്ട

റൈസ്ഡ് പള്ളി ഓഫീസ്, കോൺഫ്രൻസ് ഹാൾ, ജനറേറ്ററുകൾ, കൂൾ വാട്ടർ സംവിധാനം, സംഘടനകൾക്ക് ഓഫീസ് റൂമുകൾ, മിനി പാരിഷ്ഹാൾ, ഫർണീച്ചറുകൾ, മുതലായവ ബഹു. ഈഴേക്കാടനച്ചന്റെ നേതൃത്വത്തിൽ ഇടവകയ്ക്ക് കരഗതമായി. മരിയൻ കോംപ്ലക്സിന്റെ നിർമ്മാണം ബഹു. തോമസ് പഞ്ഞിക്കാരൻ അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ബഹു. പയസ് ചിറപ്പണത്ത് അച്ചൻ ചാർജെടുത്തതിന് ശേഷം 2008-ൽ പൂർത്തിയാക്കി.

## ഗ്രോട്ടോ



പാരിഷ് ഹാൾ

ബഹു. പഞ്ഞിക്കാരൻ തോമസച്ചന്റെ നേതൃത്വത്തിൽ ദേവാലയാങ്കണത്തിൽ ലൂർദ്ദിലെ മാതൃകയിൽ പണി കഴിപ്പിച്ച പരി. കന്യകാമറിയത്തിന്റെ ഗ്രോട്ടോ, 2000 ഒക്ടോബർ 7-ന് അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ ആശീർവദിക്കുകയും, പരിശുദ്ധമാതാവിന്റെ ഊട്ടുതിരുനാളിന് തുടക്കം കുറിക്കുകയും ചെയ്തു. തുടർന്ന് എല്ലാവർഷവും ഡിസംബർ 8-ന് ഊട്ടുതിരുനാൾ ആഘോഷിച്ചുവരുന്നു.

## ഹോളി ലാന്റ്

ബഹു. തോമസ് പഞ്ഞിക്കാരൻ അച്ചന്റെ ഭാവനയിൽ രൂപംകൊണ്ട ഹോളിലാന്റിന്റെ പണികൾ മൂന്നുവർഷംകൊണ്ടാണ് പൂർത്തിയായത്. 2006 സെപ്തംബർ 8-ന് ഹോളിലാന്റിന്റെ ആശീർവാദകർമ്മം കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവ് നിർവ്വഹിച്ചു. ബൈബിളിനെ ആസ്പദമാക്കി രക്ഷാകരചരിത്രത്തിലെ സുപ്രധാന സംഭവങ്ങൾ ഇവിടെ ദൃശ്യവൽക്കരിച്ചിരിക്കുന്നു.

## മരിയൻ ഗ്രാമം

രൂപതയുടെയും മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെയും രജത ജൂബിലി സ്മാരകമായി ഇടവകയിലെ അർഹതപ്പെട്ട 6 കുടുംബങ്ങൾക്ക് വീടുകൾ പണി


ഗ്രോട്ടോ

തുകൊടുത്തു.

## സിമിത്തേരി നവീകരണം

ചാലക്കുടി പള്ളിയിലെ ആദ്യത്തെ സിമിത്തേരി ഇപ്പോഴത്തെ ദേവാലയത്തിന്റെ മുഖവാരി സ്ഥാനത്താണ് സ്ഥിതിചെയ്തിരുന്നത്. എ.ഡി. 1650-ൽ സിമിത്തേരി ഇപ്പോഴത്തെ ദേവാലയത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തേക്കു (ഇപ്പോൾ ഗ്രോട്ടോ സ്ഥിതിചെയ്യുന്ന ഭാഗം) മാറ്റി സ്ഥാപിച്ചു. ഈ രണ്ടാമത്തെ സിമിത്തേരിയുടെ ഉൾഭാഗത്ത്



ഹോളിലാന്റ്

പുരാതനമായ പള്ളിയുടെ മദ്ബഹ നിലനിർത്തിയിരുന്നു. തുടർന്ന് സിമിത്തേരി കിഴക്കു ഭാഗത്തേക്ക് വികസിപ്പിക്കുകയും ചെയ്തു. 1977-79 കാലയളവിൽ ബഹു. ഇരിമ്പൻ ആന്റണിയച്ചന്റെ കാലത്ത് രണ്ടാമത്തെ സിമിത്തേരി പൊളിച്ചുമാറ്റി. ബഹു. തോമസ് പഞ്ഞിക്കാരനച്ചന്റെ നേതൃത്വത്തിൽ സിമിത്തേരിയുടെ മുഖവാരം ഇന്നുകാണുന്ന വിധത്തിൽ വളരെ മനോഹരമാക്കി. സിമിത്തേരിയിൽ പുതിയ കപ്പേള നിർമ്മിക്കുകയും ചെയ്തു.

## തിരുനാളുകൾ

ഇടവക മദ്ധ്യസ്ഥ പരി.കന്യകാമറിയത്തിന്റെ ജനനത്തിരുന്നാൾ സെപ്തംബർ മാസത്തിൽ ആഘോഷിച്ചുവരുന്നു. ചാലക്കുടിയുടെ പ്രഥമ നഗരസഭായോഗം

ഫെബ്രുവരിയിലെ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ചാലക്കുടിയുടെ ദേശീയോത്സവമായി പ്രഖ്യാപിച്ചു.

## മതബോധനം, കുടുംബസമ്മേളനം

മതബോധനത്തിന് പള്ളിസ്ക്കൂളിലും എസ്. എച്ച് ഹൈസ്ക്കൂളിലും കൂടി ആകെ 42 ക്ലാസ്സുകളിലായി 1400-ലേറെ വിദ്യാർത്ഥികളും നേതൃത്വം നല്കുന്ന 53 അധ്യാപകരുമുണ്ട്. ഇടവകയുടെ ഔദ്യോഗിക ജിഹ്വയായ 'സ്നേഹദീപം' പാരിഷ് ബുള്ളറ്റിൻ ഉന്നതനിലവാരം പുലർത്തുന്നു.

## പള്ളിസ്ക്കൂൾ

1895-ൽ പള്ളിയുടെ കീഴിൽ ആരംഭിച്ച ആശാൻ പള്ളിക്കൂടം 1901-ൽ സർക്കാർ അംഗീകരിച്ച ഒരു ലോവർ പ്രൈമറി സ്ക്കൂളായി. ചാലക്കുടിയിലെ ആദ്യത്തെ എയ്ഡഡ് സ്ക്കൂളാണിത്. ബഹു. പൗലോസ് കുറ്റിക്കാട്ടച്ചനായിരുന്നു ആദ്യത്തെ മാനേജർ.

## സന്യാസ ഭവനങ്ങൾ

ചാലക്കുടി ഇടവകയിൽ ആദ്യമായി സ്ഥാപിതമായ സന്യാസ ഭവനമാണ് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയുടെ അവിഭക്ത തൃശ്ശൂർ പ്രോവിൻസിലെ 4-ാമത്തെ മഠമായ സേക്രഡ് ഹാർട്ട് കോൺവെന്റ്. 1925-ൽ സ്ഥാപിതമായ ഇതിന്റെ പ്രഥമ മഠാധിപ ബഹു. ലൂവീസമ്മ ആയിരുന്നു. 1979-ൽ അൽവേർണിയ പ്രോവിൻസ് രൂപംകൊണ്ടതിനുശേഷം 1982 ജനുവരിയിൽ കൂടുതൽ സൗകര്യത്തിനായി പ്രൊവിൻഷ്യൽ ഹൗസ് ചാലക്കുടിയിലേക്ക് മാറ്റി. 1992-ൽ കാൽവരി മഠം ഇതിൽ ലയിപ്പിക്കുകയും ചെയ്തു. കൂടാതെ, 1977-ൽ സ്ഥാപിതമായ ജ്യോതിസ് എഫ്.സി. കോൺവെന്റും. എസ്.എച്ച് കോളേജിനു സമീപം 1980-ൽ തുടങ്ങിയ ക്ലേരിയൻ കോൺവെന്റും, 2006-ൽ ആരംഭിച്ച തിരുഹൃദയാരാം എഫ്.സി. കോൺവെന്റും ഇടവകയുടെ പരിധിയിൽത്തന്നെ.



സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ



നൂറ്റാണ്ടിലേറെ പഴക്കമുള്ള പള്ളിസ്ക്കൂൾ

കാർമ്മൽ സ്ക്കൂളിനോടു ചേർന്ന് 1977-ൽ സ്ഥാപിതമായ സി.എം.ഐ. കാർമ്മൽ ഭവന്റെ സേവനം ഗുണകരമാണ്. പള്ളിക്ക് സമീപം ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ കുടുംബപ്രേഷിതത്വം, സാമൂഹ്യ സേവനം എന്നിവ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും ഇടവകയിലെ സേവനത്തിനുമായി പാവനാത്മ പ്രോവിൻസിന്റെ കീഴിൽ 1984 ജൂൺ 17-ന് ഒരു മഠം സ്ഥാപിതമായി. എസ്.എൻ.ഡി. സിസ്റ്റേഴ്സ് 2005-ൽ കൂടപ്പുഴ ഭാഗത്ത് തുടങ്ങിയ 'അനുഗ്രഹ സദൻ' നിരാലംബരായ ഒട്ടേറെ പേർക്ക് അനുഗ്രഹപ്രദമാണ്.

## സേക്രഡ് ഹാർട്ട് കോളേജ്

എഫ്.സി.സി. അൽവേർണിയ പ്രോവിൻസിന്റെ കീഴിൽ വനിതകൾക്കുവേണ്ടി 1980-ൽ എയ്ഡഡ് ജൂനിയർ കോളേജായി പ്രവർത്തനമാരംഭിച്ച ഈ കലാലയം പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജായി പ്രശംസനീ



എസ്.എച്ച്. കോൺവെന്റ്



എഫ്.സി.സി. അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്



ക്ലേരിയൻ കോൺവെന്റ്



എഫ്.സി.സി. തിരുഹൃദയാരാം കോൺവെന്റ്



സി.എം.ഐ. കാർമ്മൽ ഭവൻ



ഹോളിഫാമിലി കോൺവെന്റ് (സി.എച്ച്.എഫ്.)



ഐ.എഫ്.ഡി.എഫ്. പാവന സെന്റർ



എസ്.എൻ.ഡി. കോൺവെന്റ്

യമായവിധം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റുസഭയിലെ സേക്രഡ് ഹാർട്ട് കോൺവെന്റിന്റെ കീഴിൽ 1925-ൽ സ്ഥാപിതമായ എൽ.പി. സ്ക്കൂൾ 1931-ൽ ഹൈസ്ക്കൂളായും 1998-ൽ ഹയർസെക്കന്ററി സ്ക്കൂളായും ഉയർത്തപ്പെട്ടു. സി.എം.ഐ. ദേവമാതാ പ്രൊവിൻഷ്യലും വിദ്യാഭ്യാസ വിചക്ഷണനുമായ പെ. ബഹു. ഗബ്രിയേൽ ചിറമ്മൽ അച്ചന്റെ നേതൃത്വത്തിൽ 1975 ജൂലൈ മാസത്തിൽ എളിയ തോതിൽ തുടക്കം കുറിച്ച കാർമ്മൽ ഹൈസ്ക്കൂൾ ചാലക്കുടിയിലെ ഒരു പ്രമുഖ സ്ഥാപനമെന്ന നിലയിൽ അതിവേഗം വളരുകയും ഹയർസെക്കന്ററി സ്ക്കൂളായി തീരുകയും ചെയ്തു. ഇപ്പോൾ എസ്.എച്ച്. കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് 1978-ൽ വനിതകൾക്കുവേണ്ടി എഫ്.സി.സി. സിസ്റ്റേഴ്സ് ആരംഭിച്ചതാണ് ജ്യോതിസ് കോളേജ് ഫോർ വിമൻ. പിന്നീട് എയ്ഡഡ് വിഭാഗത്തിൽ എസ്.എച്ച് കോളേജ് അനുവദിച്ചുകിട്ടിയ സാഹചര്യത്തിലാണ് ഈ കോളേജ് ഇപ്പോൾ നിലവിലുള്ള സ്ഥലത്തേക്ക് മാറ്റിയത്.

## സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ

ഇരിങ്ങാലക്കുട രൂപതയും രൂപതയിലെ ഏതാനും സന്യാസസഭകളുംകൂടി സഹകരിച്ച് സാമൂഹ്യ പ്രവർ



സേക്രഡ് ഹാർട്ട് കോളേജ്

ത്തനങ്ങൾക്കായി 1986 മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏജൻസിയാണ് AVARD (Apex Voluntary Agency for Rural Development).

വികലാംഗരായ പെൺകുട്ടികൾക്കുവേണ്ടി 1975-ൽ എസ്.എച്ച്. മഠത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് 'ശാന്തിഭവൻ'. ഈ സോഷ്യൽ സെന്ററിൽ തുടർപഠനത്തിനും വിവിധ കൈത്തൊഴിൽ പരിശീലിക്കുന്നതിനും ആവശ്യാനുസരണം അവസരം ലഭിക്കുന്നു.

ദൂരെനിന്ന് ചാലക്കുടിയിലും പരിസരങ്ങളിലുമായി ജോലിക്ക് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കാൻ അവസരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സി.എം.സി. ഉദയാ പ്രോവിൻസ് 1981-ൽ സ്ഥാപിച്ച ഒരു വർക്കിങ്ങ് വിമൻസ് ഹോസ്റ്റലാണ് 'ശാന്തിനിവാസ്'. ഇതിനും പുറമെയുള്ള രണ്ട് സാമൂഹ്യസേവന വേദികളാണ് 'മേഴ്സി ഹോം' (ശിശു സംരക്ഷണകേന്ദ്രം), 'സാന്ത്വനം' എന്നിവ. സാമൂഹ്യസേവനപ്രതിബദ്ധതയുള്ള ഏതാനും പേരുടെ സന്മനസ്സിന്റെയും കൂട്ടായ്മയുടെയും പ്രതീകമായി രജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റബിൾ സൊസൈറ്റികളാണ് ഇവയ്ക്ക് നേതൃത്വം നല്കുന്നത്. ഇടവകയുടെ പരിധിയിൽ പെട്ട ചേനത്തുനാട് ഭാഗത്ത് ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയോട് ബന്ധപ്പെട്ട് നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് St. James College of Nursing & College of Pharmaceutical Sciences.



കാർമൽ പബ്ലിക് സ്ക്കൂൾ



സേക്രഡ് ഹാർട്ട് ഗേൾസ് എൽ.പി. സ്ക്കൂൾ



എസ്.എച്ച്. ഹൈസ്ക്കൂൾ



FCC ജ്യോതിസ് കോളേജ് & നഴ്സറി സ്ക്കൂൾ



ലൂർദ്ദുമാതാ, മരിയാപുരം



FCC ശാന്തി ഭവൻ



സെന്റ് സെബാസ്റ്റ്യൻ, വെട്ടുകടവ്



സെന്റ് സെബാസ്റ്റ്യൻ,
മാർക്കെറ്റ് റോഡ്



തിരുഹൃദയ കപ്പേള,
പള്ളിയങ്കണം



പുരാതന പള്ളിമണി



സെന്റ് റോക്കി കപ്പേള



സെന്റ് സെബാസ്റ്റ്യൻ കപ്പേള
ഇടുക്കൂട്



സെന്റ് മേരീസ് കപ്പേള, ചേനത്തുനാട്



സെന്റ് മേരീസ് കപ്പേള,
തെക്കേ അങ്ങാടി



പടിഞ്ഞാറേ അങ്ങാടി കുരിശ്



സെന്റ് ജോസഫ് കപ്പേള



സെന്റ് ആന്റണീസ് കപ്പേള